ചുരുക്കത്തിൽ

ഒറ്റപ്പെട്ട മഴയ്ക്കും കാറ്റിനും സാധ്യത

തിരുവനന്തപുരം

ബംഗാൾ ഉൾക്കടലിൽ രൂപംകൊണ്ട മോക്ക ചുഴലിക്കാറ്റ് കരതൊട്ടു. ബംഗ്ലാദേശിലും മ്യാൻമറിലും കനത്ത മഴയും കെടുതികളും വിതയ്ക്കുന്ന ചുഴലിക്കാറ്റിന്റെ പശ്ചാത്തലത്തിൽ തമിഴ്നാട് തീരം, കന്യാകുമാരി പ്രദേശം, ഗൾഫ് ഓഫ് മാന്നാർ, ശ്രീലങ്കൻ തീരം എന്നിവിടങ്ങളിൽ മണിക്കൂറിൽ 60 കിലോമീറ്റർ വേഗത്തിലുള്ള ശക്തമായ കാറ്റിനും മോശം കാലാവസ്ഥയ്ക്കും സാധ്യതയുണ്ട്. കേരള, കർണാടക തീരങ്ങളിൽ മീൻപിടിത്തത്തിന് തടസ്സമില്ലെന്നും ലക്ഷദ്വീപ് തീരത്ത് മീൻപിടിത്തം പാടില്ലെന്നും കേന്ദ്ര കാലാവസ്ഥാവകുപ്പ് അറിയിച്ചു.

പത്തനംതിട്ട, ഇടുക്കി എന്നിവിടങ്ങളിൽ ബുധനാഴ്ച മഞ്ഞ അലർട്ട് പ്രഖ്യാപിച്ചു. ഒറ്റപ്പെട്ട ശക്തമായ മഴയ്ക്കുള്ള സാധ്യതയാണ് പ്രവചിച്ചിട്ടുള്ളത്.

കെ സുധാകരന്റെ പ്രസ്താവന തള്ളി ജോസ് കെ മാണി

കോട്ടയം

കേരള കോൺഗ്രസ് എം യുഡിഎഫിൽ വേണമെന്ന കെപിസിസി പ്രസിഡന്റ് കെ സുധാകരന്റെ പ്രസ്താവനയെ തള്ളി ജോസ് കെ മാണി എംപി. സുധാകരന്റെ അഭിപ്രായ പ്രകടനത്തിന് രാഷ്ട്രീയ പ്രസക്തിയില്ലെന്ന് ജോസ് കെ മാണി കോട്ടയത്ത് മാധ്യമപ്രവർത്തകരോട് പ്രതികരിച്ചു.

കേരള കോൺഗ്രസ് എം എൽഡിഎഫിലെ അവിഭാജ്യ ഘടകമാണ്. എൽഡിഎഫിനെ കൂടുതൽ ശക്തിപ്പെടുത്താൻ നിരന്തര പരിശ്രമമാണ് പാർടി നടത്തുന്നത്. മുൻഗാമികൾ ചെയ്തത് തെറ്റാണെന്ന് കെപിസിസി അധ്യക്ഷന് ബോധ്യപ്പെട്ടു എന്നാണ് മനസിലാക്കാനാകുന്നത്. അദ്ദേഹം പറഞ്ഞതു സംബന്ധിച്ച ചർച്ചകൾക്ക് പോലും പ്രസക്തിയില്ലെന്നും ജോസ് കെ മാണി പറഞ്ഞു.

ആഴക്കടൽ മീൻപിടിത്തം

വീശിയെടുക്കാൻ മത്സ്യഫെഡിന്റെ സ്വന്തം പട്ടുവല

പി ആർ ദീപ്തി

- സർക്കാർ കൈമാറിയ 10 ബോട്ടിലും ഉപയോഗിക്കുന്നു
- തിരുവനന്തപുരം മുട്ടത്തറ വല ഫാക്ടറി, എറണാകുളം ഫാക്ടറി എന്നിവിടങ്ങളിൽ നിർമിക്കുന്നു

കൊല്ലം

കരകാണാക്കടലിൽ കേരളത്തിന്റെ സൈന്യം എറിയുക മത്സ്യഫെഡിന്റെ സ്വന്തം ഗിൽനെറ്റ് വല (പട്ടുവല). ആഴക്കടൽ മീൻപിടിത്തം പ്രോത്സാഹിപ്പിക്കുന്നതിന് സംസ്ഥാന സർക്കാർ തൊഴിലാളികൾക്ക് കൈമാറിയ 10 അത്യാധുനിക ബോട്ടുകളിൽ ഉപയോഗിക്കുന്നത് സുസ്ഥിര മീൻപിടുത്ത രീതിക്ക് അനുയോജ്യമായ ഗിൽനെറ്റ് വലയാണ് (പോളിഅമൈഡ്, നൈലോൺ). സംസ്ഥാനത്തെ തൊഴിലാളികൾ ഇത് പ്രയോജനപ്പെടുത്തുന്നത് ആദ്യമായാണ്. മത്സ്യഫെഡിന്റെ തിരുവനന്തപുരം മുട്ടത്തറ വല ഫാക്ടറി, എറണാകുളം ഫാക്ടറി എന്നിവിടങ്ങളിൽ നിർമിക്കുന്ന ഗിൽനെറ്റ് വലകൾ നിലവിൽ ഉപയോഗിക്കുന്നത് തമിഴ്നാട്ടുകാരായ തൊഴിലാളികളാണ്.

ആഴക്കടൽ കേന്ദ്രീകരിച്ച് മീൻപിടിക്കുന്ന തൂത്തൂർ, തേങ്ങാപ്പട്ടണം, കുളച്ചൽ, തറൈവിക്കുളം, നാഗപട്ടണം, നാഗൂർ, ചെന്നൈയിലെ കാശിമേട് സ്വദേശികളായ തൊഴിലാളികളാണ് ഈ വലയുടെ ഉപയോക്താക്കൾ. തോപ്പുംപടി കേന്ദ്രമാക്കിയ 450 ബോട്ടുകളിലാണ് ഇതുപയോഗിക്കുന്നത്. നെയ്മീൻ, കേരച്ചൂര, ബുള്ളറ്റ് ചൂര, തിണ്ട (നെടുവ, വലിയ ശീലാവ്), ഓലത്തള, പന്നിത്തള തുടങ്ങി വിദേശനാണ്യം നേടിത്തരുന്ന മത്സ്യങ്ങൾ വലയിൽ പെടുന്നതിനാൽ ഇവർക്ക് മെച്ചപ്പെട്ട വരുമാനമാണ്. പത്തുദിവസം കടലിൽ തങ്ങിയുള്ള മീൻപിടുത്തത്തിലൂടെ 20–25 ടൺ മത്സ്യമാണ് ഈ ബോട്ടുകൾ കരയ്ക്കെത്തിക്കുന്നത്.

130–140 എംഎം കണ്ണിവലിപ്പവും 110–130 എംഎം കണ്ണിയിറക്കവും(മെഷ്ഡെപ്ത്ത്) ഉള്ള എട്ടു മുതൽ പത്താം നമ്പർ വരെയുള്ള വലകളാണ് ഗിൽനെറ്റ്. രണ്ട് മുതൽ 25 കിലോ വരെയുള്ള മത്സ്യമാണ് ഇതിൽ അകപ്പെടുക. അതാതിടങ്ങളിലെ കടൽവെള്ളത്തിന്റെ നിറവുമായി പൊരുത്തപ്പെടും വിധം മയിൽപ്പച്ച, റെഡ് ബ്രൗൺ, തത്തപ്പച്ച നിറങ്ങളിലുള്ള വലയായതിനാൽ മത്സ്യങ്ങൾ വേഗത്തിൽപെടും. മുന്തിയ ഇനം നൂലുകൾ ഉപയോഗിച്ചുള്ള പട്ടുവലകൾക്ക് അഞ്ചു കൊല്ലമാണ് ആയുസ്. സാധാരണ വലകൾ ഒന്നര വർഷമാണ് ഉപയോഗിക്കാനാകുക.

എൻജിഒ യൂണിയൻ വജ്രജൂബിലി സമ്മേളനം: പതാകദിനം നാളെ

സ്വന്തം ലേഖകൻ

തിരുവനന്തപുരം

എൻജിഒ യൂണിയൻ വജ്ര ജൂബിലി സമ്മേളന പതാകദിനം ചൊവ്വാഴ്ച ആചരിക്കും. സംസ്ഥാനത്തെ 142 ഏരിയ കേന്ദ്രത്തിലും രാവിലെ പ്രസിഡന്റുമാർ പതാക ഉയർത്തും. വൈകിട്ട് ജില്ലാ കേന്ദ്രങ്ങളിൽ സമ്മേളന പ്രചാരണാർഥം വിളംബരജാഥകൾ സംഘടിപ്പിക്കും. വിളംബരജാഥകളുടെ സമാപനത്തോടനുബന്ധിച്ച് നടക്കുന്ന സാംസ്കാരിക സദസ്സുകളിൽ കലാ സാംസ്കാരിക രംഗത്തെ പ്രമുഖർ പങ്കെടുക്കും. ‘നവകേരളം ജനപക്ഷ സിവിൽ സർവീസ്’ എന്ന മുദ്രാവാക്യം മുൻനിർത്തി സംഘടിപ്പിക്കുന്ന വജ്ര ജൂബിലി സമ്മേളനത്തിന്റെ പ്രചാരണ പ്രവർത്തനങ്ങളും ക്യാമ്പയിനുകളും പുരോഗമിക്കുകയാണ്. 27 മുതൽ 30 വരെ തിരുവനന്തപുരത്ത് ജിമ്മി ജോർജ് ഇൻഡോർ സ്റ്റേഡിയത്തിലാണ് സമ്മേളനം.

കേരളത്തിലെ സിവിൽ സർവീസിന്റെ ചരിത്രത്തിലെ നാഴികക്കല്ലാകുന്ന ജൂബിലി സമ്മേളന പതാകദിനം വിജയിപ്പിക്കാൻ സംഘാടകസമിതി ചെയർമാൻ വി കെ പ്രശാന്ത് എംഎൽഎയും ജനറൽ കൺവീനർ എം എ അജിത് കുമാറും അഭ്യർഥിച്ചു.

സാഹചര്യം ഉൾക്കൊള്ളാൻ കോൺഗ്രസ് തയ്യാറാകണം

തൃശൂർ

ബിജെപി വീണ്ടും അധികാരത്തിൽ വന്നാൽ സർവനാശമാകുമെന്ന് ജനങ്ങൾ തിരിച്ചറിഞ്ഞതിന്റെ പ്രതിഫലനമാണ് കർണാടകത്തിലെ കോൺഗ്രസിന്റെ ജയമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. ബിജെപി വിരുദ്ധ നിലപാടിലേക്ക് ജനങ്ങൾ മാറുകയാണ്. ബിജെപിയുടെ ധാർഷ്ട്യത്തിന് കർണാടകം ചുട്ടമറുപടി നൽകി. ഉപതെരഞ്ഞെടുപ്പുകളിലും ബിജെപി പരാജയപ്പെട്ടു. ഇങ്ങനെ പോകാൻ അനുവദിക്കില്ല, അതാണ് മുന്നറിയിപ്പ്. ഈ പൊതുസാഹചര്യം ഉൾക്കൊള്ളാൻ കോൺഗ്രസ് തയ്യാറാകണം. ഗുരുവായൂർ, ഒല്ലൂർ എന്നിവിടങ്ങളിൽ എൽഡിഎഫ് റാലികൾ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

രാജ്യം മുഴുവൻ ഭരിച്ച പഴയ കോൺഗ്രസല്ല ഇന്ന്. അത് ദുർബലമാണ്. അതുൾക്കൊള്ളണം. ദക്ഷിണേന്ത്യയിൽ പലയിടത്തും കോൺഗ്രസില്ലാത്ത ഭരണമാണ്. പ്രാദേശിക കക്ഷികളാണ്. ബിജെപിയെ പരാജയപ്പെടുത്തുന്നതിന് സംസ്ഥാനങ്ങളുടെ സാഹചര്യം മനസ്സിലാക്കണം. അത്തരം നിലപാട് എല്ലാ സംസ്ഥാനത്തും സ്വീകരിക്കണം. അനാവശ്യമായ തർക്കങ്ങൾ ഇല്ലാതാക്കാൻ ശ്രദ്ധിക്കണം. അടുത്ത ലോക്സഭാ തെരഞ്ഞെടുപ്പിൽ ബിജെപിയെ പരാജയപ്പെടുത്തുക എന്നതാകണം ലക്ഷ്യം.

കേരളത്തിലെ യുഡിഎഫിന്റെ ലോക്സഭാ അംഗങ്ങൾ ഒരിക്കലും കേരളത്തിനുവേണ്ടി ശബ്ദിച്ചിട്ടില്ല. സംസ്ഥാന താൽപ്പര്യത്തിനെതിരായ നിലപാടാണ് അവർ സ്വീകരിക്കുന്നത്. കേന്ദ്രസർക്കാർ കേരളത്തെ ശ്വാസം മുട്ടിക്കുകയാണ്. വികസനം തടസ്സപ്പെടുത്താൻ എങ്ങനെ ഇടപെടണമെന്നതിന് ഗവേഷണം നടത്തുകയാണ്. അതിനൊപ്പമാണ് യുഡിഎഫ് നിലകൊള്ളുന്നത്. കേരളത്തിൽ ഒരു വികസനവും വരാൻ പാടില്ല എന്ന് യുഡിഎഫ് കാണുന്നു. അതിന് അവർ ബിജെപിയുടെ സഹായം തേടുന്നതായും പിണറായി പറഞ്ഞു.

ആദിവാസികൾക്ക് ഭൂമി നൽകാൻ പ്രത്യേക പരിഗണന

തൃശൂർ

ആദിവാസികൾക്ക് ഭൂമി നൽകാൻ പ്രത്യേക പരിഗണന നൽകുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. സംസ്ഥാന സർക്കാരിന്റെ രണ്ടാം വാർഷികാഘോഷത്തിന്റെ ഭാഗമായി തൃശൂരിൽ നടന്ന പട്ടയമേള ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. ഭൂരഹിതരില്ലാത്ത കേരളത്തിലേക്കുള്ള ശ്രദ്ധേയ ചുവടുവയ്പാണ് സർക്കാർ നടത്തുന്നത്. എല്ലാവർക്കും ഭൂമി, എല്ലാ ഭൂമിക്കും രേഖ, എല്ലാ സേവനങ്ങളും സ്മാർട്ട് എന്നതാണ് സർക്കാർ ലക്ഷ്യം. പട്ടയമിഷൻ രൂപീകരിച്ച് നടപടികൾ സർക്കാർ വേഗത്തിലാക്കിയതായും മുഖ്യമന്ത്രി പറഞ്ഞു. റവന്യൂ മന്ത്രി കെ രാജൻ അധ്യക്ഷനായി. മന്ത്രിമാരായ കെ രാധാകൃഷ്ണൻ, ആർ ബിന്ദു എന്നിവർ മുഖ്യാതിഥികളായി. ചീഫ് സെക്രട്ടറി ഡോ. വി പി ജോയ്, അഡീഷണൽ ചീഫ് സെക്രട്ടറി ഡോ. എ ജയ്തിലക് എന്നിവർ സംസാരിച്ചു.

പട്ടയം ജില്ല തിരിച്ചുള്ള കണക്ക്

തിരുവനന്തപുരം –	1489
കൊല്ലം –	445
പത്തനംതിട്ട –	161
ആലപ്പുഴ –	408
കോട്ടയം –	756
ഇടുക്കി –	2788
എറണാകുളം –	1015
തൃശൂർ –	11,221
പാലക്കാട് –	17,879
മലപ്പുറം –	12,000
കോഴിക്കോട് –	8216
വയനാട് –	2006
കണ്ണൂർ –	7165
കാസർകോട് –	1520
ലാൻഡ് ട്രിബ്യൂണൽ –	57,674
മിച്ചഭൂമി പട്ടയം –	1072
ആർഒആർ –	1607
എൽഎ –	6716

കൃഷിയിലും ‘ക്ലിക്ക്’ ആയി

78,312 ഹെക്ടർ 1.36 ലക്ഷം തൊഴിൽ

സുനീഷ് ജോ

- ‘ഞങ്ങളും കൃഷിയിലേക്ക്’ പദ്ധതിയിൽ 17,559 കൃഷിക്കൂട്ടം കൃഷി ഇറക്കി
- പച്ചക്കറി ഉൽപ്പാദനം വർധിച്ചു

തിരുവനന്തപുരം

ഉൽപ്പാദനത്തിലും തൊഴിൽ നൽകുന്നതിലും കുതിച്ചുചാട്ടമുണ്ടാക്കി കേരളത്തിലെ കാർഷികമേഖല. 2022–23 സാമ്പത്തികവർഷം 78,312 ഹെക്ടറിലേക്ക് കൃഷി വ്യാപിപ്പിച്ചു. ഇതുവഴി 1,36,344 തൊഴിലവസരം പുതുതായി സൃഷ്ടിച്ചു. പച്ചക്കറി കൃഷിയിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനും സുരക്ഷിത ഭക്ഷണം ഉറപ്പാക്കുന്നതിനും ലക്ഷ്യമിട്ട് സംസ്ഥാന സർക്കാർ ആരംഭിച്ച പദ്ധതിയുടെ ഭാഗമായാണ് കുതിപ്പ്.

എറണാകുളം ജില്ലയിലാണ് കൂടുതൽ തൊഴിലവസരം ലഭ്യമാക്കിയത്– 14,200. കുറവ് വയനാട്– 5210. ‘ഞങ്ങളും കൃഷിയിലേക്ക്’ പദ്ധതിയിൽ 17,559 കൃഷിക്കൂട്ടം കൃഷി ഇറക്കി. 2022 ആഗസ്ത് 17ന് 10,2314 സ്ഥലത്ത് പുതുതായി കൃഷി ആരംഭിച്ചു. നെല്ല്, പച്ചക്കറികൾ, തെങ്ങ്, വാഴ, കവുങ്ങ്, കിഴങ്ങു വർഗങ്ങൾ തുടങ്ങിയവയാണ് കൃഷി ചെയ്തത്.

പച്ചക്കറി ഉൽപ്പാദനം 2021–22 സാമ്പത്തികവർഷം 16.01 ലക്ഷം ടൺ ആയിരുന്നത് 2022– 23ൽ 17.10 ലക്ഷം ടണ്ണായി.

പച്ചക്കറി വിത്തുകൾ അടങ്ങിയ 10 രൂപയുടെ 49.06 ലക്ഷം പാക്കറ്റും രണ്ടരരൂപ വിലയുള്ള 1.93 കോടി തൈകളും സൗജന്യമായി വിതരണം ചെയ്തിരുന്നു. വീട്ടുവളപ്പുകളിൽ ദീർഘകാല പച്ചക്കറി വിളകൾ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി മുരിങ്ങ, അഗത്തി, കറിവേപ്പില തുടങ്ങിയവയുടെ 15 രൂപ വിലവരുന്ന തൈകളും സൗജന്യമായി നൽകി. കാർഷിക മേഖലയിൽ സ്വയംപര്യാപ്തത നേടുകയെന്ന എൽഡിഎഫ് സർക്കാരിന്റെ പ്രഖ്യാപിത ലക്ഷ്യത്തിലേക്കാണ് സംസ്ഥാനം മുന്നേറുന്നത്. അനുബന്ധമേഖലകളിലും മുന്നേറ്റം സൃഷ്ടിക്കാനായി.

കൃഷിക്കൂട്ടങ്ങൾ വഴി ലഭ്യമാക്കിയ തൊഴിലവസരം

ജില്ല	തൊഴിലവസരം
തിരുവനന്തപുരം	11,335
കൊല്ലം	11,564
പത്തനംതിട്ട	9728
ആലപ്പുഴ	10,014
കോട്ടയം	8348
ഇടുക്കി	11,073
എറണാകുളം	14,200
തൃശൂർ	8705
പാലക്കാട്	9930
മലപ്പുറം	12,665
കോഴിക്കോട്	7125
വയനാട്	5210
കണ്ണൂർ	8390
കാസർകോട്	8057

കരുതലിന്റെ കൈനീട്ടാൻ ആപ്താ മിത്ര

ആപ്താ മിത്ര വളന്റിയർമാർ പരിശീലനത്തിനിടെ

- 4500 വളന്റിയർമാർ പരിശീലനം പൂർത്തിയാക്കി
- നിശ്ചിത ഇടവേളകളിൽ വീണ്ടും പരിശീലനം

സുജിത് ബേബി

തിരുവനന്തപുരം

ദുരന്തമുഖങ്ങളിൽ കരുതലിന്റെ കൈനീട്ടാൻ ആപ്താ മിത്ര തയ്യാർ. സംസ്ഥാനത്തെ 4500 വളന്റിയർമാരാണ് പരിശീലനം പൂർത്തിയാക്കിയത്. ദേശീയ, സംസ്ഥാന ദുരന്തനിവാരണ അതോറിറ്റികൾ സംയുക്തമായാണ് പദ്ധതി നടപ്പാക്കുന്നത്.

മണ്ണിടിച്ചിൽ, വൈദ്യുതാഘാതം, വെള്ളപ്പൊക്കം, തീപിടിത്തം തുടങ്ങി അപകടങ്ങളോ പ്രകൃതിദുരന്തങ്ങളോ സംഭവിച്ചാൽ അഗ്നിരക്ഷാ പ്രവർത്തകർ എത്തുംമുന്നേ ഓടിയെത്താനാണ് സന്നദ്ധപ്രവർത്തകരെ സജ്ജരാക്കിയിരിക്കുന്നത്. പ്രാദേശികതലത്തിലുള്ളവർക്ക് ഉടനടി രക്ഷാപ്രവർത്തനം ആരംഭിക്കാനായാൽ ജീവനഷ്ടവും ദുരന്തവ്യാപ്തിയും കുറയ്ക്കാനാകും. അഗ്നിരക്ഷാ പരിശീലനവും രക്ഷാ ഉപകരണങ്ങളടങ്ങിയ കിറ്റും ഇവർക്കു നൽകിയിട്ടുണ്ട്.

വളന്റിയർമാർക്കായി സംസ്ഥാന ദുരന്തനിവാരണ അതോറിറ്റി ഇൻഷുറൻസും ഏർപ്പെടുത്തിയിട്ടുണ്ട്. മെറൂൺ ടീഷർട്ടാണ് ആപ്താ മിത്രയുടെ യൂണിഫോം.

2019ൽ സംസ്ഥാന സർക്കാർ പരിശീലിപ്പിച്ച 10,000 സിവിൽ ഡിഫൻസ് വളന്റിയർമാർക്ക് പുറമെയാണ് ആപ്താ മിത്ര വളന്റിയർമാർ. തിരുവനന്തപുരം 400, കൊല്ലം 300, പത്തനംതിട്ട 300, ആലപ്പുഴ 300, ഇടുക്കി 300, എറണാകുളം 400, പാലക്കാട് 300, മലപ്പുറം 500, കോഴിക്കോട് 400, വയനാട് 200, കണ്ണൂർ 300, കാസർകോട് 300, തൃശൂർ 300 എന്നിങ്ങനെയാണ് ഇപ്പോൾ പരിശീലനം പൂർത്തിയാക്കിയവർ. കോട്ടയം ജില്ലയിൽ നേരത്തേ 200 പേർക്ക് പരിശീലനം നൽകിയിരുന്നു. തൃശൂർ ഫയർ സർവീസ് അക്കാദമി, ജില്ലാ ഫയർ ട്രെയിനിങ് സെന്ററുകൾ, ഫയർ സ്റ്റേഷനുകൾ എന്നിവിടങ്ങളിലായിരുന്നു പരിശീലനം.

30 ലക്ഷം രൂപയുടെ ഉപകരണങ്ങളാണ് ഓരോ ജില്ലയിലേക്കും വാങ്ങുന്നത്. അഗ്നിരക്ഷാനിലയങ്ങളിൽ സൂക്ഷിക്കുന്ന ഇവ അവശ്യഘട്ടങ്ങളിൽ ആപ്താ മിത്രാ സേനയിലുള്ളവർക്കെത്തിക്കും. വളന്റിയർമാർക്ക് നിശ്ചിത ഇടവേളകളിൽ വീണ്ടും പരിശീലനം നൽകുമെന്ന് പദ്ധതിയുടെ ചുമതലയുള്ള റീജണൽ ഫയർ ഓഫീസർ വി സിദ്ധകുമാർ പറഞ്ഞു.

പിടികൂടിയ മയക്കുമരുന്ന് ഹാജി സലിമിന്റേത്

സ്വന്തം ലേഖകൻ

- സുബൈറിനെ ഇന്ന് കോടതിയിൽ ഹാജരാക്കും
- ലഹരിമരുന്നിന്റെ പരിശോധന പൂർത്തിയായി

കൊച്ചി

നർകോട്ടിക് കൺട്രോൾ ബ്യൂറോയും (എൻസിബി) നാവികസേനയും ചേർന്ന് കടലിൽനിന്ന് പിടികൂടിയ മയക്കുമരുന്ന് കുപ്രസിദ്ധ ലഹരിക്കടത്തുസംഘമായ ഹാജി സലിം നെറ്റ്‌വർക്കിന്റേതെന്ന് സ്ഥിരീകരണം. പിടിയിലായ പാക് പൗരൻ സുബൈറാണ് ഇക്കാര്യം എൻസിബിയോട് വെളിപ്പെടുത്തിയത്. സുബൈറിനെ തിങ്കൾ രാവിലെ കോടതിയിൽ ഹാജരാക്കും.

ഹാജി സലിം നെറ്റ്‌വർക്കിനായി സുബൈർ മുമ്പ് ശ്രീലങ്കയിലേക്കും മാലദ്വീപിലേക്കും ലഹരി കടത്തിയതായി സൂചനയുണ്ട്. പേരില്ലാത്ത മദർഷിപ്പ് മുക്കിയശേഷം നാവികസേനയുടെ കണ്ണുവെട്ടിച്ച് സ്പീഡ് ബോട്ടിൽ രക്ഷപ്പെട്ടവർ ലക്ഷദ്വീപിലെ ആൾത്താമസമില്ലാത്ത ദ്വീപുകളിൽ ഒളിച്ചുവെന്ന സംശയത്തിൽ നാവികസേന പരിശോധന തുടരുന്നു. കോസ്റ്റ് ഗാർഡും പരിശോധന നടത്തുന്നുണ്ട്.

സുബൈർ

രണ്ട് സ്പീഡ് ബോട്ടാണ് മദർഷിപ്പിലുണ്ടായിരുന്നത്. ഇതിലൊരു ബോട്ടിനെ പിന്തുടർന്നാണ് സുബൈറിനെ കസ്റ്റഡിയിലെടുത്തത്. ഇയാൾ രക്ഷപ്പെടാൻ ഉപയോഗിച്ച ബോട്ടും കിട്ടി. കപ്പലിൽനിന്ന് ലഭിച്ച ജിപിഎസ് ട്രാക്കർ പരിശോധിക്കുകയാണ്. ഓപ്പറേഷൻ സമുദ്രഗുപ്തിന്റെ ഭാഗമായാണ് മെത്താംഫെറ്റാമിൻ പിടികൂടിയത്.

യഥാർഥ മൂല്യം 25,000 കോടി

ഓപ്പറേഷൻ സമുദ്രഗുപ്തിലൂടെ പിടികൂടിയ മയക്കുമരുന്നിന്റെ യഥാർഥ വില 25,000 കോടി രൂപയാണെന്ന് എൻസിബി സ്ഥിരീകരിച്ചു. കൊച്ചി തുറമുഖത്ത് എത്തിച്ച ലഹരിമരുന്നിന്റെ പരിശോധന ശനി വൈകിട്ട് പൂർത്തിയായി. 15,000 കോടി രൂപയാണെന്നായിരുന്നു ആദ്യ വിലയിരുത്തൽ. മുന്തിയ ഇനം മെത്താംഫെറ്റാമിൻ ആയതിനാലാണ് വിലയിൽ വലിയ അന്തരമുണ്ടായത്.

2525 കിലോയാണ് ആകെ തൂക്കം. ഒരു കിലോഗ്രാം ബോക്സ് മൂന്ന് അടുക്കായി പൊതിഞ്ഞാണ് മയക്കുമരുന്ന് സൂക്ഷിച്ചിരുന്നത്. ഇത്തരത്തിൽ 2800 പെട്ടികളുണ്ടായിരുന്നു. പാകിസ്ഥാനിൽ ഉൽപ്പാദിപ്പിച്ച് അവിടെ വിതരണം ചെയ്യുന്ന വിവിധ ബസ്മതി അരിക്കമ്പനികളുടെ 134 ചാക്കുകളിലായാണ് ഇവ സൂക്ഷിച്ചിരുന്നത്.

സന്ദീപിന് മാനസികാരോഗ്യ പ്രശ്നമില്ലെന്ന് ഡോക്ടർ

സ്വന്തം ലേഖകൻ

- ലക്ഷ്യമിട്ടത് മറ്റൊരു ഡോക്ടറെയെന്ന് സന്ദീപ്

തിരുവനന്തപുരം

ഡോ. വന്ദന ദാസ് കൊലക്കേസിൽ റിമാൻഡിൽ കഴിയുന്ന പ്രതി സന്ദീപിന് കാര്യമായ മാനസികാരോഗ്യ പ്രശ്നങ്ങളില്ലെന്ന് സ്ഥിരീകരണം. പേരൂർക്കട മാനസികാരോഗ്യ കേന്ദ്രത്തിലെ ഡോക്ടർ നടത്തിയ പരിശോധനയിലാണ് വിലയിരുത്തൽ. ഈ സാഹചര്യത്തിൽ സന്ദീപിനെ മാനസികാരോഗ്യ ചികിത്സയ്ക്ക് വിധേയനാക്കേണ്ടി വരില്ല.

ജയിലിൽ എല്ലാ ആഴ്ചയിലുമുള്ള പതിവ് പരിശോധനയിലാണ് സന്ദീപിനെ മാനസികാരോഗ്യ വിദഗ്ധൻ സന്ദർശിച്ചത്. മറ്റു പരിശോധനകൾ ആവശ്യമില്ലെന്ന് ഡോക്ടർ ജയിലധികൃതർക്ക് നിർദേശം നൽകി.

അതേസമയം, ഡോ. വന്ദനയെ അല്ല താൻ ലക്ഷ്യമിട്ടതെന്നും മറ്റൊരു പുരുഷ ഡോക്ടറെയാണെന്നും ഇയാൾ ജയിലധികൃതരോട് പറഞ്ഞു. വീടിനടുത്തുള്ളവരുമായി ചില പ്രശ്നങ്ങളുണ്ടായി. ഇവർ തന്നെ കൊലപ്പെടുത്തുമെന്ന് ഭയപ്പെട്ടാണ് പൊലീസിനെ വിളിച്ചത്. പൊലീസ് ആശുപത്രിയിൽ എത്തിച്ചു. അവിടെ കൂടിനിന്ന ചിലർ തനിക്കിഷ്ടമല്ലാത്ത രീതിയിൽ പെരുമാറി. പുരുഷ ഡോക്ടറെ കുത്തിപ്പരിക്കേൽപ്പിക്കാൻ വേണ്ടിയാണ് കത്രികയെടുത്തത്. അവിടെ നിന്നവരെയെല്ലാം ആക്രമിക്കുകയായിരുന്നു. ഡോ. വന്ദന അതിനിടെ വന്നുപെട്ടതാണെന്നും സന്ദീപ് ജയിലധികൃതരോട് പറഞ്ഞു. വന്ദനയെ കൊന്നത് ഓർമയില്ലെന്നായിരുന്നു റിമാൻഡ് ചെയ്ത ദിവസം സന്ദീപ് ജയിലധികൃതരോട് പറഞ്ഞത്.

പ്രതി സ്ഥിരം മദ്യപാനിയല്ല എന്നാണ് ഡോക്ടർമാർ വ്യക്തമാക്കിയിരിക്കുന്നത്. അതേസമയം, ഇതര സംസ്ഥാന തൊഴിലാളികൾക്കൊപ്പം ലഹരിവസ്തുക്കൾ ഉപയോഗിച്ചിരുന്നതായി സന്ദീപ് ജയിലധികൃതരോട് പറഞ്ഞു.

പ്രതിയുടെ ബന്ധുക്കളുടെ മൊഴിയെടുത്തു

സ്വന്തം ലേഖിക

കൊല്ലം

കൊട്ടാരക്കര താലൂക്കാശുപത്രിയിൽ ഡോ. വന്ദനാ ദാസിനെ കുത്തിക്കൊന്ന സംഭവത്തിൽ പ്രതി ജി സന്ദീപിന്റെ ബന്ധുക്കളുടെ മൊഴി അന്വേഷകസംഘം രേഖപ്പെടുത്തി. കൊലപാതകം നടന്ന ദിവസവും തലേന്നും സന്ദീപിനെ കണ്ടവരിൽനിന്ന് വിവരങ്ങൾ ശേഖരിച്ചു. സന്ദീപ് ഉപയോഗിച്ചിരുന്ന മൊബൈൽ ഫോണും കസ്റ്റഡിയിലെടുത്തു. ഫോൺ തിങ്കളാഴ്ച കൊട്ടാരക്കര ജുഡീഷ്യൽ ഫസ്റ്റ്ക്ലാസ് മജിസ്ട്രേട്ട് കോടതിയിൽ ഹാജരാക്കും. ഫോൺ സൈബർ പൊലീസിന്റെ സഹായത്തോടെ വിശദമായി പരിശോധിക്കും. ലഹരിമാഫിയാ സംഘങ്ങളുമായി ഇയാൾക്ക് ബന്ധമുണ്ടോ എന്ന കാര്യത്തിൽ ഇതോടെ വ്യക്തത വരും.

പൂജപ്പുര സെൻട്രൽ ജയിലിൽ റിമാൻഡിലുള്ള സന്ദീപിനെ കസ്റ്റഡിയിൽ കിട്ടാൻ കൊല്ലം ജില്ലാ സെഷൻസ് കോടതിയിൽ തിങ്കളാഴ്ച അപേക്ഷ നൽകും.

ആരോഗ്യവകുപ്പിന്റെ റിപ്പോർട്ട് സംസ്ഥാന പൊലീസ് മേധാവിക്കും ആരോഗ്യ ഡയറക്ടർക്കും തിങ്കളാഴ്ച നൽകും.

ശനിയാഴ്ച ആശുപത്രിയിലെ സിസി ടിവി ദൃശ്യങ്ങൾ അടങ്ങിയ ഹാർഡ് ഡിസ്കുകൾ കോടതിയിൽ ഹാജരാക്കിയിരുന്നു. ഡിവൈഎസ്പി എം എം ജോസിന്റെ നേതൃത്വത്തിലുള്ള ക്രൈംബ്രാഞ്ച് സംഘത്തിനാണ് അന്വേഷണച്ചുമതല.

കർണാടകത്തിലെ തിരിച്ചടി

കേരള ബിജെപിയിലും നിരാശ

സ്വന്തം ലേഖകൻ

തിരുവനന്തപുരം

കർണാടക തെരഞ്ഞെടുപ്പ് തിരിച്ചടിയിൽ ബിജെപി കേരള ഘടകത്തിനും നിരാശ. കർണാടകത്തിൽ തുടർഭരണം ലഭിച്ചാൽ അടുത്ത പാർലമെന്റ് തെരഞ്ഞെടുപ്പിൽ ഉൾപ്പെടെ കേരളത്തിൽ നേട്ടം കൊയ്യാമെന്നായിരുന്നു കണക്കുകൂട്ടൽ. പക്ഷേ, ദക്ഷിണേന്ത്യയിൽനിന്നുതന്നെ തുടച്ചുനീക്കപ്പെട്ടതോടെ ബിജെപി വീണ്ടും പരിഹാസ്യരാകുകയാണ്.

ബിജെപിയുടെ പരാജയം ഏറ്റവും കൂടുതൽ ആഘോഷിച്ചതും മലയാളികൾതന്നെ. ‘അടുത്തത് കേരളം’ എന്ന കെ സുരേന്ദ്രന്റെ 2018ലെ ഫെയ്സ്ബുക്ക് പോസ്റ്റ് കുത്തിപ്പൊക്കിയാണ് സോഷ്യൽമീഡിയ ട്രോളുകൾ. ‘ആദ്യം മഹാരാഷ്ട്ര ബോർഡർ കടക്ക്, എന്നിട്ടാകാം കേരളം’ എന്നായിരുന്നു സുരേന്ദ്രനുള്ള മറുപടി.

കർണാടക തെരഞ്ഞെടുപ്പ് റാലിക്കിടെ കേരളത്തിനെ അപകീർത്തിപ്പെടുത്തുന്ന സിനിമയെ പ്രധാനമന്ത്രി പുകഴ്ത്തിയതും ആഭ്യന്തര മന്ത്രി അമിത് ഷാ കേരളത്തെ അപമാനിച്ച് പ്രസംഗിച്ചതും രാഷ്ട്രീയ ലോകം കരുതലോടെയാണ് വീക്ഷിച്ചത്. അതിനുള്ള മറുപടികൂടിയാണ് കർണാടക തെരഞ്ഞെടുപ്പ് വിധി എന്നാണ് സോഷ്യൽ മീഡിയയിലെ പ്രചാരണം.

ഹിജാബ് നിരോധനം, ഹലാൽ ഭക്ഷണവിരുദ്ധ നീക്കം തുടങ്ങി ബിജെപി ഭരണത്തിനുകീഴിൽ കർണാടകത്തിലുണ്ടായ ന്യൂനപക്ഷ വിരുദ്ധ നീക്കങ്ങളും സജീവ ചർച്ചയായി തുടരുകയാണ്. പ്രധാനമന്ത്രിയുടെ വരവും വന്ദേഭാരത് ട്രെയിനിന്റെ പേരിലുള്ള മുതലെടുപ്പുംകൊണ്ട് കേരളത്തിൽ നേട്ടമുണ്ടാക്കാമെന്നാണ് ബിജെപി കരുതിയത്. എന്നാൽ, കർണാടക തെരഞ്ഞെടുപ്പ് തോൽവിയുടെ ആഘാതത്തിൽനിന്ന് ഉടനൊന്നും കരകയറാനാകില്ലെന്ന് കേരളഘടകം തിരിച്ചറിഞ്ഞിട്ടുണ്ട്.

ഓർഡിനൻസ് 17ന് മന്ത്രിസഭയിൽ

ആരോഗ്യപ്രവർത്തകരെ ആക്രമിച്ചാൽ 5 വർഷം ശിക്ഷ

തിരുവനന്തപുരം

ആരോഗ്യപ്രവർത്തകരെ ആക്രമിച്ചാൽ അഞ്ചുവർഷം ശിക്ഷ ഉറപ്പാക്കുന്ന ഓർഡിനൻസ് ബുധനാഴ്ച മന്ത്രിസഭായോഗം പരിഗണിച്ചേക്കും. 2012ലെ കേരള ആരോഗ്യരക്ഷാ സേവന പ്രവർത്തകരും ആരോഗ്യരക്ഷാ സ്ഥാപനങ്ങളും (അക്രമവും സ്വത്തിനുള്ള നാശവും തടയൽ) നിയമപ്രകാരം ലഭിക്കുന്നത് മൂന്നുവർഷംവരെ തടവും അമ്പതിനായിരം രൂപവരെ പിഴയുമാണ് നിലവിൽ ശിക്ഷ. ഇത് അഞ്ചുവർഷമായി മാറ്റുന്നതാണ് പ്രധാന ഭേദഗതി.

ആരോഗ്യമേഖലയിൽ പ്രവർത്തിക്കുന്നതും എന്നാൽ നിയമപരിധിയിൽ വരാത്തതുമായ എല്ലാവരെയും ഓർഡിനൻസിലൂടെ നിയമത്തിന്റെ ഭാഗമാക്കും. ആരോഗ്യ കേന്ദ്രങ്ങളിൽ ജോലി ചെയ്യുന്ന രജിസ്റ്റർ ചെയ്തവരും താൽക്കാലിക രജിസ്ട്രേഷൻ ഉള്ളവർ ഉൾപ്പെടെയുള്ള മെഡിക്കൽ പ്രാക്ടീഷണർമാർ, രജിസ്റ്റർ ചെയ്ത നഴ്സുമാർ, മെഡിക്കൽ വിദ്യാർഥികൾ, നഴ്സിങ് വിദ്യാർഥികൾ, പാരാമെഡിക്കൽ ജീവനക്കാർ തുടങ്ങിയവരാണ് നിലവിൽ നിയമപരിധിയിൽ വരിക. ആരോഗ്യകേന്ദ്രങ്ങളിലെ സുരക്ഷാ ജീവനക്കാരെയും നിയമപരിധിയിൽ കൊണ്ടുവന്നേക്കും. ആശുപത്രികളെ പ്രത്യേക സംരക്ഷിത മേഖലകളായി പ്രഖ്യാപിക്കുകയെന്ന സംഘടനകളുടെ ആവശ്യവും പരിഗണിച്ചേക്കും.

കുറ്റക്കാരെന്ന് തെളിയുന്നവർക്ക് ശിക്ഷ ഉറപ്പാക്കുന്ന തരത്തിലാണ് ഓർഡിനൻസ് കൊണ്ടുവരിക. ആരോഗ്യപ്രവർത്തകരുടെ സംഘടനകൾ, ഉന്നത ഉദ്യോഗസ്ഥർ, നിയമവിദഗ്ധർ തുടങ്ങിയവരുമായുള്ള ചർച്ചയിൽ ഉരുത്തിരിഞ്ഞ ആവശ്യങ്ങളും ആശയങ്ങളും ഓർഡിനൻസിന്റെ ഭാഗമാകും.